കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

മാന്നാർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി14-1658/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 03.12.2018

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാന്നാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാന്നാർ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ഇവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി14-1658 തീയതി: 03.12.2018

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4) , 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി 21-10-2017മുതൽ12-10-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും	ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും
15-10.2018 മുതൽ 26-10.2018 വരെ	ശ്രീമതി. എൻ.സുജ, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേഡ്) ശ്രീമതി.രാജശ്രീ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. ശ്രീ.ജി.സുനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ.

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

ശ്രീ.പ്രമോദ്, കണ്ണാടിശേരിൽ	01.4.2017 മുതൽ 31.3.18വരെ.

2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

ക്രമ നം.	സ്റ്റാൻഡിംഗ് കമ്മറ്റി	പേര്	കാലയളവ്
1	ആരോഗ്യ വിദ്യാഭ്യാസം	ശ്രീ.ബി.കെ പ്രസാദ്.	01.4.2017 മുതൽ 31.3.18വരെ
2	വികസനകാര്യം.	ശ്രീ.സ്റ്റീഫൻചാക്കോ.	01.4.2017 മുതൽ 31.3.18വരെ
3	ക്ഷേമകാര്യം.	ശ്രീമതി.ചിത്ര.എം.നായർ	01.4.2017 മുതൽ 31.3.18വരെ

4	ധനകാര്യം.	ശ്രീമതി.ഷൈനാ നവാസ്.	01.4.2017 മുതൽ 31.3.18വരെ

3) സെക്രട്ടറി

ശ്രീ. ബിജുകുമാർ.ആർ.ടി.	01.4.2017മുതൽ 08.05.17വരെ
ശ്രീമതി.വി.അജിത.	11.05.17 മുതൽ 31.05.17വരെ
ശ്രീ. ഹരികുമാർ.എൻ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്)	01.06.2017 മുതൽ 04.06.2017 വരെ
ശ്രീമതി.ബെറ്റി.ജെ.ടീസ.	05.06.2017 മുതൽ 07.11.17വരെ
ശ്രീമതി.കെ.ശോഭ.	08.11.2017
ശ്രീ.ഹരികുമാർ.എൻ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്)	09.11.17 മുതൽ 14.01.2018വരെ.
ശ്രീമതി.കെ.ശോഭ.	15.01.18 മുതൽ 31.03.2018വരെ.

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

കൃഷി ഓഫീസർ	ശ്രീമതി ഗീത.എസ്	01.04.2017 മുതൽ 31.03.2018വരെ
വെറ്ററിനറി സർജൻ	ഡോ.മാത്യൂസ് തങ്കച്ചൻ	01.04.2017 മുതൽ 31.03.2018വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.ബീന.സി.	01.04.2017 മുതൽ 04.12.2017വരെ
	ശ്രീമതി.ബിനു.ജി.എസ്	05.12.2017 മുതൽ 31.03.2018വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	ഡോ. സാബുസുഗതൻ	01.04.2017മുതൽ 31.03.2018വരെ
മെഡിക്കൽ ഓഫീസർ (ആയുർവേദം)	ഡോ. സംഗീത. ജി.എസ്	01.04.2017 മുതൽ 31.03.2018 വരെ.
മെഡിക്കൽ ഓഫീസർ (ഹോമിയോ)	ഡോ. പത്മജ. വി	01.04.2017 മുതൽ 19.12.2017വരെ
	ഡോ. വീണ. വി	20.12.2017 മുതൽ 31.03.2018വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീ. പ്രസന്നകുമാർ	01.04.2017 മുതൽ 31.03.2018വരെ
ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ.പി. എസ്, മാന്നാർ.	ശ്രീമതി. മിനി.എസ്	01.04.2017 മുതൽ 31.03.2018വരെ

വില്ലേജ് എക്സറ്റൻഷൻ ഓഫീസർ	ശ്രീ.മുഹമ്മദ്സിയാദ്	01.04.2017 മുതൽ 31.03.2018വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ. എൻ.ഹരികുമാർ	01.04.2017 മുതൽ 31.03.2018 വരെ

ഉള്ളടക്കം

ക്രമ നം.	ഖണ്ഡിക നം.	ഇനം
ഭാഗം – 1		
1	1-1 മുതൽ 1-11 വരെ	പൊതു അവലോകനം
ഭാഗം – 2		
2	2-1	ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൻമേലുള്ള നിരീക്ഷണങ്ങൾ
3	2-2	തൊഴിൽ നികുതി.
4	2-3	ഡി & ഒ ലൈസൻസ് സംബന്ധമായ അപാകതകൾ
5	2-4	ടെണ്ടർ ഫീ - തനത്ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചില്ല
ഭാഗം – 3		
6	3-1	വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.
7	3-2	ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അധികാര പരിധിൽപ്പെടുന്ന വിഷയങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ
8	3-3	ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി.
ഭാഗം – 4		
9	4-1 മുതൽ 4-10 വരെ	പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
10	അനുബന്ധം – I	ഓഡിറ്റ് സർട്ടിഫിക്കറ്റ്
11	അനുബന്ധം – II	

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്
ബജറ്റ് പ്രകാരം	123518000	134925316
വാർഷിക കണക്ക് പ്രകാരം	95994938	103679054

ബഡ്ജറ്റ് രൂപീകരണം മാന്വൽ നിർദ്ദേശങ്ങൽ പാലിച്ചില്ല

ബഡ്ജറ്റ് തയ്യാറാക്കുന്നതിനായി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപനമേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കണമെന്നും, ഇപ്രകാരം തയ്യാറാക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളും, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബഡ്ജറ്റ് നിർദ്ദേശങ്ങളും മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകുകയും ഇവയുടെ നിർദ്ദേശങ്ങളും ശുപാർശകളും കൂടി ഉൾപ്പെടുത്തി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണമെന്നും, ഇപ്രകാരമുള്ള നോൺപ്ലാൻ ചെലവുകളും വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് ബഡ്ജറ്റ് രൂപീകരിക്കണമെന്നാണ് മാന്വൽ അനുശാസിക്കുന്നത്. എന്നാൽ ഇപ്രകാരം ഘടകസ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിക്കുകയോ, അവയുടെ കണക്കുകൾ സ്വീകരിക്കുകയോ ചെയ്യാതെ മുൻ വർഷത്തെ വരവ്-ചെലവുകളെ മാത്രം ആധാരമാക്കിയാണ് ബഡ്ജറ്റ് തയ്യാറാക്കിയത് ആയതിനാൽ തന്നെ യഥാർത്ഥ വരവ്-ചെലവുകൾ ബജറ്റിൽ വിഭാവനം ചെയ്തതിൽ നിന്നും വളരെ വ്യത്യസ്തമാണ്. ബഡ്ജറ്റിൽ വകയിരുത്തിയതിൽ അധികം ചെലവ് സംഭവിക്കുന്നുണ്ടോ എന്നും ബഡ്ജറ്റിൽ വകയിരുത്താത്തവക്കുവേണ്ടി ചെലവ് വരുന്നുണ്ടോ എന്നും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തത് പ്രധാന അപര്യാപ്തതയാണ്. ബഡ്ജറ്റ് സാംഖ്യബേസ്ഡ് ആക്കുന്നതുവഴി ഈ അപര്യാപ്തത ഒഴിവാക്കാൻ സാധിക്കും. ബജറ്റ് രൂപീകരണത്തിൽ മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യസ്ഥിരം സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-2 വാർഷിക ധനകാര്യപത്രിക

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2017-18	15.05.2018.	30.04.2018

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	15737079
വരവ്	65973985
ആകെ	81711064
ചെലവ്	69709394
നീക്കിയിരിപ്പ്	12001670

1-5 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)

ഫണ്ടിനം.	ഒ.ബി.	വരവ്.	ആകെ.	ചെലവ്	നീക്കിയിരിപ്പ്.
വികസന ഫണ്ട് (ജനറൽ)	-	17264770	17264770	12996055	4268715
എസ്.സി. പി	-	9169398	9169398	7731424	1437974
ടി.എസ്.പി	-	161934	161934	55960	105974
സി.എഫ്. സി	-	9051625	9051625	9009948	41677
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	-	10429930	10429930	8247195	2182735
മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	-	4038000	4038000	3637975	400025
എൻ.ആർ. ഇ. ജി. എസ്	169987	9515030	9685017	9668627	16390
ബി.ഫണ്ട്	-	34409520	34409520	34409520	
ദുരിതാശ്വാസഫണ്ട്.	-	-	-	-	-
എസ്.ബി.റ്റി (പൈക്ക)	72659	0	72659	0	72659
ട്രഷറി-ഓൺഫണ്ട് (വിപിഎഫ്എ.1,11)	15525	0	15525	0	15525
ട്രഷറി-റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ.	20	600000	620000	580018	20002
ട്രഷറി-റ്റി.എസ്.ബി (ജനറൽപർപ്പസ്)	6731129	10741000	17472129	18346200	-874071
സാക്ഷരത.	1527	-	1527	-	1527
കറന്റ് അക്കൗണ്ട്.	-	33363	33363	0	33363
തനത്ഫണ്ട്.	7852509	7372626	15225135	3494149	11730986

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത് - ശതമാനം
215	81361025	152	51476893	46	63	63.27

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	169987	542683+ 5506 (പലിശ)	718176	701786	16390
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	8966841	8966841	8966841	0

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരണം താഴെ കൊടുക്കുന്നു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ഭാഗം 3ൽ പ്രതിപാദിച്ചിട്ടുണ്ട്.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	100920	164
കർഷകതൊഴിലാളി പെൻഷൻ	3493200	742
വിധവാപെൻഷൻ	7780000	952
വാർദ്ധക്യകാലപെൻഷൻ	20675900	2242
വികലാംഗപെൻഷൻ	1955700	271
അവിവാഹിതപെൻഷൻ	313800	43
വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്)	90000	3

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 454/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം.(ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി.)

1. ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിരുന്നു. ഒരു ഇടപാടിന്റെ എല്ലാ ഘടകങ്ങളും ഒരു ജീവനക്കാരനിൽ കേന്ദ്രീകരിക്കാത്ത രീതിയിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് വഴി ലഭിക്കുന്ന തപാലുകൾ രജിസ്ട്രേഷൻ-കം-ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ ചേർക്കുന്നുണ്ട്. തപാലുകളുടെ കൈപ്പറ്റ് -തീർപ്പാക്കൽ വിവരങ്ങൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്ന വിധം രജിസ്റ്റർ പരിപാലിക്കുന്നില്ല. ഈ അപാകത മേൽനോട്ടചുമതലയുള്ള ഉദ്യോഗസ്ഥൻ ശ്രദ്ധിക്കുന്നതായി കാണുന്നില്ല. സെക്ഷനുകൾ കൈപ്പറ്റുന്ന തപാലുകൾ സേവനാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നുണ്ടോ എന്നത് പരിശോധിക്കുന്നതിനായി പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ജീവനക്കാരുടെ ഓരോ തലത്തിലും സമയപരിധി നിശ്ചയിച്ച് സെക്രട്ടറി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. സൂചിക സോഫ്റ്റ്‌വെയർ വഴി തപാൽനീക്കം നടത്തണം എന്നിരിക്കെ ഇപ്രകാരം ചെയ്യുന്നില്ല. ഇത് ആഭ്യന്തര നിയന്ത്രണം സംവിധാനത്തിലെ പ്രധാന അപാകതയായി വിലയിരുത്തുന്നു.

2. ഭരണസമിതി എടുക്കുന്ന തീരുമാനങ്ങൾ പലതും നടപ്പാക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. പഞ്ചായത്ത് സ്ഥലങ്ങൾ കൈയ്യേറുന്നതിന് എതിരെയും, അനധികൃതഇറച്ചി വില്പനക്കെതിരെയും നടപടി എടുക്കുവാൻ ഭരണസമിതി തീരുമാനം എടുത്തെങ്കിലും തുടർനടപടികൾ ഉണ്ടായില്ല.

3. മാന്വൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

4. ചില വരവിനങ്ങളുടെ ഡിമാന്റ് മുൻകൂർ തയ്യാറാക്കപ്പെടുന്നില്ല. ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ഡിമാന്റ് തയ്യാറാക്കപ്പെടുന്നില്ല. വരവു വരുന്നത് ഡിമാന്റായി കണക്കാക്കുന്ന രീതിയാണ് സാംഖ്യയിൽ വരുന്നത്. ഇതുപ്രകാരം വരവുതന്നെ ഡിമാന്റായി പരിഗണിക്കുന്നതിനാൽ യഥാർത്ഥ ഡിമാന്റ് വിലയിരുത്തപ്പെടുന്നില്ല. വസ്തുനികുതി ഒഴികെയുള്ള നികുതികളുടെ നിർണ്ണയം ഡിമാന്റ് എന്നിവ കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. മുൻ വർഷങ്ങളിൽ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതും ചില സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്താഞ്ഞതും ഉദാഹരണങ്ങളാണ്.

5. പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ ബന്ധപ്പെട്ട ഭാഗങ്ങൾ അപൂർണ്ണമാണ്. കാലഹരണപ്പെട്ടതും, പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധിച്ച് ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

7. പ്രൊക്യൂർമെന്റ് മാന്വൽ അനുസരിച്ചാണ് വാങ്ങലുകൾ നടത്തുന്നതെങ്കിലും വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

8. പദ്ധതികൾക്കായുള്ള ധനവകയിരുത്തലിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ പദ്ധതികളുടെ നിർവ്വഹണത്തിൽ അപാകതകൾ സംഭവിച്ചു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	12.10.2018	01.08.2018 – 30.09.2018	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22.03.2016	2010-11 – 2014-15	31.05.2016

1-12 വാർഷികകണക്കിലെ അപാകതകൾ.

ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൻമേലുള്ള നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 2017-18 വർഷം 14തവണ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. മുൻമാസത്തെ വരവ്-ചെലവുകൾക്ക് അംഗീകാരം നൽകലിനുപരിയായി പഞ്ചായത്തിന്റെ ധനസ്ഥിതി സംബന്ധിച്ച ക്രിയാത്മക ചർച്ചകളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റിയിലുണ്ടായിട്ടില്ല. 18 വാർഡുകളുള്ള മാന്നാർ പഞ്ചായത്ത് നികുതി-നികുതിയിതര വരുമാനം കൂടിയ പഞ്ചായത്താണ്. എന്നാൽ ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിനോ, തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോ സമിതിയുടെ ഇടപെടൽ ഉണ്ടായിട്ടില്ല.

(a) വസ്തു നികുതി പിരിവ് ഊർജ്ജിതമല്ല, കുടിശ്ശിക നിലനിൽക്കുന്നു

2017-18 വർഷത്തെ വസ്തു നികുതിയിനത്തിൽ 62% മാത്രമാണ് സമയപരിധിക്കുള്ളിൽ പിരിച്ചെടുത്തിട്ടുള്ളത്. സാമ്പത്തിക വർഷാന്ത്യം 38% തുക കുടിശ്ശികയായതിനാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല എന്ന് വ്യക്തമാണ്. കൂടാതെ മുൻ വർഷങ്ങളിലെ അരിയർ കുടിശ്ശിക ഇനത്തിൽ 16.9 ലക്ഷം രൂപ വർഷാന്ത്യം കുടിശ്ശികയായി. പഞ്ചായത്തിന്റെ അടിസ്ഥാന വരുമാന സ്രോതസ്സായ വസ്തുനികുതി കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതാണ്. വിഷയം ധനകാര്യസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(b) മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ 12 മൊബൈൽ ടവറുകൾക്ക് നാളിതുവരെ പെർമിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ VII-ാം വാർഡിൽ പ്രവർത്തിക്കുന്ന റിലയൻസ് ടവറിന് മാത്രമാണ് വസ്തു നികുതി (8820/- രൂപ) നിർണ്ണയിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബാക്കിയുള്ള മൊബൈൽ ടവറുകളിൽ വസ്തുനികുതി നിർണ്ണയിക്കാതിരുന്നത് കാരണം വൻതുക പഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്നു. മേൽ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകൾക്ക് വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ധനകാര്യസമിതിയുടെയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

2-2 തൊഴിൽ നികുതി.

(a) ധനകാര്യ സ്ഥാപനങ്ങൾ സ്ഥാപന നികുതി ഒടുക്കിയില്ല

താഴെപ്പറയുന്ന ധനകാര്യസ്ഥാപനങ്ങൾ മുൻ വർഷങ്ങളിൽ സ്ഥാപന നികുതി/തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും തൻ വർഷം ഒടുക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	അടക്കേണ്ട ഇനം (സ്ഥാപന നികുതി (Ist/IInd), ജീവനക്കാരുടെ തൊഴിൽ നികുതി)
1	ഐ.സി.ഐ.സി.ഐ ബാങ്ക്	Ist(സ്ഥാപന നികുതി)
2	SBI, മാന്നാർ, സ്റ്റോർ ജംഗ്ഷൻ	Ist & IIndസ്ഥാപന നികുതി)
3	സൗത്ത് ഇൻഡ്യൻ ബാങ്ക്	Ist & IIndസ്ഥാപന നികുതി)

4	കേരള ഗ്രാമീൺ ബാങ്ക്	Istസ്ഥാപന നികുതി)
5	പഞ്ചാബ് നാഷണൽ ബാങ്ക്	Istസ്ഥാപന നികുതി)
6	മുത്തൂറ്റ് മൈക്രോ ഫിനാൻസ്	Ist&IIndസ്ഥാപന നികുതി)
7	മുത്തൂറ്റ് ഫിൻ കോർപ്പ്, സ്റ്റോർ ജംഗ്ഷൻ	Istസ്ഥാപന നികുതി)
8	ചാലക്കുഴി ഫിനാൻസ്	Istസ്ഥാപന നികുതി)
9	മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്	IIndസ്ഥാപന നികുതി)
10	കുട്ടമ്പേത്തൂർ സർവീസ് സഹകരണ ബാങ്ക് നം.611	IIndസ്ഥാപന നികുതി)
11	ഐക്യം ചിട്ടി ഫണ്ട്, മാന്നാർ	Ist & IIndസ്ഥാപന നികുതി)
12	ശ്രീലക്ഷ്മി ചിറ്റ്സ്, (Opp. ഗവ. ഹോമിയോ ഡിസ്പെൻസറി)	Ist & IInd(സ്ഥാപന നികുതി)
13	താമരവേലിൽ ഫിനാൻസ്, പരുമല	Ist & IInd (സ്ഥാപന നികുതി)
14	കൃഷ്ണാ ഫിനാൻസ്, സ്റ്റോർ ജംഗ്ഷൻ	Ist & IInd(സ്ഥാപന നികുതി)
15	നക്കാലയ്ക്കൽ ഫിനാൻസ്	Ist & IInd(സ്ഥാപന നികുതി)
16	I.I.F.L ഗോൾഡ് ലോൺ, (Near pvt Bus Stand)	Ist & IInd(സ്ഥാപന നികുതി)

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8) മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കി അറിയിക്കേണ്ടതാണ്.

(b) അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തൻ വർഷം 22480/- രൂപ സ്ഥാപനനികുതി കുടിശ്ശിക (അരിയർ കുടിശ്ശിക) ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് ഒരു അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷാന്ത്യത്തിലും സ്ഥാപനനികുതിയിനത്തിൽ 57930/- രൂപ കറണ്ട് കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ടായിട്ടും അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാനോ കുടിശ്ശിക പിരിച്ചെടുക്കാനോ ഓഡിറ്റ് വേളയിലും നടപടി സ്വീകരിച്ചിട്ടില്ല. കുടിശ്ശിക കണക്കാക്കി അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

(c) തൊഴിൽ നികുതി, സ്ഥാപന നികുതി - ഡി.സി.ബി തയ്യാറാക്കിയിട്ടില്ല

തൊഴിൽ നികുതി, സ്ഥാപനനികുതി എന്നിവയ്ക്കായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. ലഭിക്കുന്ന തുകകൾ മാത്രം ഡിമാന്റും കളക്ഷനുമായി കാണിക്കുകയാണ് ചെയ്തുവരുന്നത്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി തൊഴിൽ നികുതിയ്ക്കും സ്ഥാപനനികുതിയ്ക്കും പ്രത്യേകം പ്രത്യേകം ഡി.സി.ബി തയ്യാറാക്കേണ്ടതാണ്. ടി സ്ഥാപനങ്ങൾക്ക് യഥാസമയം ഡിമാന്റ് നോട്ടീസ് നൽകി പരമാവധി തൊഴിൽ നികുതി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(d) വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിയിൽ നിന്നും രണ്ടാം അർദ്ധവർഷം വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കിയില്ല.

സ്ഥാപനം	ജീവനക്കാരിയുടെ പേര്	അർദ്ധ വാർഷിക വരുമാനം	ഈടാക്കേണ്ട തൊഴിൽ നികുതി	ഈടാക്കിയ തൊഴിൽ നികുതി	നഷ്ടം
തോംസൺ ഹോട്ടൽ & ബേക്കറി	ശ്രീമതി.ജൂമൈലത്ത്	45000/-	450	300 (Rt. 118020100492/ 24.4.18)	150

ടി നഷ്ടം ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8) മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

2-3 ഡി & ഒ ലൈസൻസ് സംബന്ധമായ അപാകതകൾ

(a) വിറ്റുവരവ് കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്

മാന്നാർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിറ്റുവരവ് കൂടിയ ചില പ്രധാന സ്ഥാപനങ്ങൾ 2017-18 വർഷം വിറ്റുവരവിന് ആനുപാതികമായി ഡി&ഒ ലൈസൻസ് ഫീസ് ഒടുക്കിയില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ഈടാക്കിയ ലൈസൻസ് ഫീസ്	റിമാർക്സ്
1	രാംകോ ഹൈപ്പർ മാർക്കറ്റ്	ഇല്ല	*പല ചരക്ക്, സ്റ്റേഷനറി, പച്ചക്കറി
2	അശ്വതി മാർബിൾസ്	1000/-	മാർബിൾ, ടൈൽ, ഗ്രാനൈറ്റ് (ഷോപ്പ് & ഗോഡൌൺ)
3	കരിം മെറ്റൽ സ്റ്റോർ	500/-	ഇരുമ്പ്, ഹാർഡ് വെയർ, ഓട്ടുപാത്രം, വിളക്ക് നിർമ്മാണം, വിൽപ്പന
4	കടവിൽ മെഡിക്കൽസ്	ഇല്ല	*മരുന്ന് വിൽപ്പന
5	ഹോട്ടൽ മഹാരാജ പാലസ്	2000/-	ഹോട്ടൽ, ബിയർ പാർലർ
6	തോംസൺ റെസ്റ്റോറന്റ് & കാറ്ററിംഗ് സർവീസ്	1000/-	റെസ്റ്റോറന്റ്, ബേക്കറി, കാറ്ററിംഗ്
7	PRM ലക്ഷ്മണസ്വാമി അയ്യർ &	ഇല്ല	*ഓട്ടുപാത്രം, വിളക്ക് നിർമ്മാണം,

	അസ്സോസ്സിയേറ്റ്സ്		വിൽപ്പന
8	ക്യാഷ് & ക്യാരി സൂപ്പർ മാർക്കറ്റ്	200	പല ചരക്ക്, സ്റ്റേഷനറി
9	പീവീസ് പെട്രോൾ പമ്പ്	2000	പെട്രോൾ, ഡീസൽ, ഓയിൽ
10	N.K ഗ്യാസ് ഏജൻസീസ്	100	ഓക്സിജൻ സിലിൻഡർ
11	വേണ്ണസ് ഗ്യാസ് ഏജൻസീസ്	100	പാചകവാതക വിതരണം
12	പ്രെയിസ് മോട്ടോഴ്സ്	500	ടൂ വീലർ വ്യാപാരം

*വിറ്റുവരവ് കൂടിയ ക്രമ നം.1, 4, 7 എന്നീ സ്ഥാപനങ്ങൾ ഓഡിറ്റ് വർഷം ലൈസൻസ് ഫീസ് ഒടുക്കാതെയാണ് പ്രവർത്തിച്ചത്. മേൽ അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (9) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

വിറ്റുവരവ് കൂടിയ മേൽപ്പറഞ്ഞ എല്ലാ സ്ഥാപനങ്ങളിൽ നിന്നും പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഡി & ഒ ഫീസ് ഈടാക്കേണ്ടതാണ്.

(b) ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം - ലിസ്റ്റിൽ ഉൾപ്പെട്ടവർ പോലും ലൈസൻസ് എടുക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 689 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 800 ഓളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 512 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ് എടുത്തിട്ടുള്ളത്.

(c) ലൈസൻസ് ഫീസിനത്തിൽ കുടിശ്ശിക – സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സ്ഥാപനങ്ങളും സാമ്പത്തിക വർഷാരംഭത്തിനു മുമ്പ് തന്നെ ലൈസൻസ് എടുക്കണമെന്നും ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനം പോലും പ്രവർത്തിക്കരുത് എന്നും പഞ്ചായത്ത് ചട്ടങ്ങൾ അനുശാസിക്കുന്നെങ്കിലും 2016-17 ലും 2017-18 ലും ഡി&ഒ ഫീസിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. വാർഷിക ധനകാര്യ പത്രിക പ്രകാരം മുൻ വർഷങ്ങളിലെ ഡി & ഒ ഫീസ് കുടിശ്ശികയിനത്തിൽ 5750/- രൂപ പിരിച്ചിട്ടുണ്ടെങ്കിലും അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസിനത്തിൽ 34750/- രൂപ 2017-18 സാമ്പത്തികവർഷാന്ത്യം കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ട് (B-15). ഇതിൽ നിന്നും മുൻ വർഷങ്ങളിൽ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും തൻ വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതായി കണക്കാക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപന ങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാതിരുന്നത് ധനകാര്യസമിതിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മുൻ വർഷത്തെയും തൻ വർഷത്തെയും കുടിശ്ശിക അടിയന്തിരമായി കണക്കാക്കി ഒരു അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക സഹിതം ഫീസ് ഈടാക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. നിയമാനുസൃത പിഴ ഈടാക്കിക്കൊണ്ട് മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

(d) സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം നടപ്പായില്ല

24.07.2017 ലെ വികസന സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനപ്രകാരം സുകുമാർ ഹോട്ടൽ, രമ്യാസ് ഹോട്ടൽ, അശ്വതി മാർബിൾസ്, പാറക്കാട്ട് ചിക്കൻ സെന്റർ, മഹാരാജാ പാലസ് (ബാർ) എന്നീ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന ഡി & ഒ ഫീസ് വർദ്ധിപ്പിക്കണമെന്നും എല്ലാ പെട്രോൾ പമ്പുകളിൽ നിന്നും 4000/- രൂപ ഡി & ഒ ഫീസ് ഈടാക്കേണ്ടതാണെന്നും 16.12.2017 ൽ കൂടിയ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം എടുത്തിരുന്നു. ഈ തീരുമാനങ്ങൾ നടപ്പായില്ല.

മേൽ അപാകതകളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) മറുപടി ലഭ്യമാക്കിയില്ല. അപാകത

പരിഹരിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ട താണ്.

2-4 ടെണ്ടർ ഫീ - തനത്ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചില്ല

2017-18 ൽ ഇ-ടെണ്ടർ ചെയ്ത 48 പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച 67300/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. ഇത് പഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ടിൽ വരവ് വയ്ക്കേണ്ട തുകയാണ്. ആയതിനാൽ ഈ തുക തിരികെ ഈടാക്കി തനത്ഫണ്ട് അക്കൗണ്ടിൽ വരവ് വച്ച് വിവരം അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവൃത്തിയുടെ പേര്	ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം	ടെണ്ടർ ഫീസ്
1	ചേലക്കാട്ട് അഴയമഠം റോഡ് സെക്കന്റ് റീച്ച് കോൺക്രീറ്റ് - വാർഡ് 4	1	300
2	തുണ്ടുതറയിൽ റോഡ് കോൺക്രീറ്റ്, സംരക്ഷണഭിത്തി അറ്റകുറ്റപ്പണി - വാർഡ് 7	1	500
3	വാര്യത്തുപടി പൊതുർ കമ്മ്യൂണിറ്റി ഹാൾപടി റോഡ് റീടാറിംഗ് - വാർഡ് 18	1	1000
4	താന്നിക്കൽ അമ്പലം റോഡ് റീടാറിംഗ് - വാർഡ് 15	1	900
5	വാലുപറമ്പിൽ റോഡ് ഫില്ലിംഗും മെറ്റിലിംഗും - വാർഡ് 15	1	500
6	ചേനാശ്ശേരിൽ കുളത്തിന്റെ തെക്കേതിൽ റോഡ് റീടാറിംഗ് - വാർഡ് 14	1	800
7	കോവുംപുറത്ത് ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റ് - വാർഡ് 5	1	700
8	ഗുരുമന്ദിരം കുറുപ്പംതറ റോഡ് ഫില്ലിംഗ്, മതിൽ അറ്റകുറ്റപ്പണി - വാർഡ് 10	1	1800
9	മംഗലത്ത് കാട്ടിൽതെക്ക് നടപ്പാത കോൺക്രീറ്റ് - വാർഡ് 9	1	500
10	പല്ലവനക്കാട്ടിൽ നടപ്പാത കോൺക്രീറ്റ് - വാർഡ് 9	1	500
11	നമ്പോക്കാവ് നടപ്പാത കോൺക്രീറ്റ് - വാർഡ് 5	1	500
12	കുറ്റിയിൽ ജംഗ്ഷൻ പൈനിയർ കോളേജ് റോഡ് കോൺക്രീറ്റ് - വാർഡ് 4	2	1000
13	ഊരുമഠം വടക്ക് ജാമിയ വില്ലയിൽ പടി റോഡ് കോൺക്രീറ്റ് - വാർഡ് 4	2	1400
14	കന്നയിൽപടി അരീക്കര പുഞ്ചയിൽ റോഡ് കോൺക്രീറ്റ് - വാർഡ് 4	2	1200
15	പോസ്റ്റ് ഓഫീസ് താമരവേലിൽ റോഡ് ടാറിംഗ് & റീടാറിംഗ് - വാർഡ് 2	2	1800

16	കരുവേലിൽ കാരാനിലം നടപ്പാത ഫില്ലിംഗ് സൈഡ്കെട്ട് ഫില്ലിംഗ് സംരക്ഷണഭിത്തി - വാർഡ് 2	1	700
17	തോട്ടത്തിൽ നടപ്പാത കോൺക്രീറ്റ് - വാർഡ് 7	1	500
18	പഴയിടത്തുമഠം റോഡ് കോൺക്രീറ്റ് - വാർഡ് 7	2	1600
19	നെടുംതറ – കരുവേലിൽ നടപ്പാത രണ്ടാം ഭാഗം കോൺക്രീറ്റിംഗ് – വാർഡ് 2	1	900
20	കുര്യത്ത് കടവ് മണലിൽ പടി റോഡ് ഫില്ലിംഗ് പാർശ്വഭിത്തി - വാർഡ് 3	1	2500
21	പാലുവിള ജംഗ്ഷൻ ചേപ്പഴത്തിൽ ജംഗ്ഷൻ റോഡ് റീടാറിംഗ് - വാർഡ് 13	1	500
22	തട്ടാശ്ശേരി ജംഗ്ഷൻ - കണ്ണാങ്കുഴി റീടാറിംഗ് - വാർഡ് 13	1	500
23	പല്ലിടാംകേരി കലുങ്ക് നിർമ്മാണം - വാർഡ് 1	3	6000
24	കൊച്ചുതറ ആശ്രയകോളനി റോഡ് അറ്റകുറ്റപ്പണി - വാർഡ് 18	2	1400
25	പുല്ലാംമഠം മംഗളോദയം അങ്കണവാടി റോഡ് സെക്കന്റ് മെറ്റലിംഗ് ടാറിംഗ് - വാർഡ് 13	3	1800
26	ഗവ.ഈസ്റ്റ് വെൽഫയർ സ്കൂൾ ചുറ്റുമതിൽ മെയിന്റനൻസ് കിണർ നവീകരണം	2	1000
27	മാന്നാർ ജെ.ബി.എസ് ടോയ്‌ലെറ്റ് നിർമ്മാണം	2	1000
28	തയ്യിൽ പടിഞ്ഞാറ് ഫുട്പാത്ത് കോൺക്രീറ്റ് - വാർഡ്15	5	3000
29	വായനശാല – ഭുവനേശ്വരി റോഡ് റീടാറിംഗ് -വാർഡ് 8	4	6400
30	മാന്നാർ ഗവ.എൽ.പി.സ്കൂൾ ടോയ്‌ലെറ്റ്	2	1000
31	കുന്നുംപുറത്ത് തുരുത്തിപ്പടി റോഡ് കോൺക്രീറ്റ് കലുങ്ക് നിർമ്മാണം - വാർഡ് 17	3	4800
32	ഹോമിയോ ആശുപത്രി കെട്ടിടം റൂഫ് ട്രസ്സ് വർക്ക്	3	1500
33	വനിത വിപണന കേന്ദ്രം	1	1000

34	വൃദ്ധസദനം കെട്ടിടം പുന:രുദ്ധാരണം - വാർഡ് 17	2	3200
35	മാറകം പുഞ്ച തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കൽ	1	800
36	കോയിക്കപ്പള്ളം മുട്ടംകേരിൽ വേഴത്താർ പാടശേഖരത്തിലേക്കുള്ള തോട് ആഴംകൂട്ടൽ	1	500
37	പഞ്ചായത്ത് ഓഫീസിൽ സ്ത്രീകൾക്ക് വിശ്രമമുറി - ടോയ്‌ലെറ്റ് ഫീഡിംഗ് റൂം നിർമ്മാണം	1	2000
38	ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം	1	1000
39	ചെട്ടിയാകുളത്ത് പടി മുളമൂട്ടിൽപടി നടപ്പാത ഇന്റർലോക്ക്, ഓട നിർമ്മാണം, സംരക്ഷണഭിത്തി നിർമ്മാണം - വാർഡ് 1	3	3900
40	കണിപ്പറമ്പിൽ വല്യേടത്ത് പറമ്പ് റോഡ് റീടാറിംഗ് - വാർഡ് 18	1	500
41	കോയിക്കൽ പള്ളം മുട്ടംകേരിൽ വേഴത്താർ പാടശേഖരത്തിലേക്കുള്ള തോട് ആഴംകൂട്ടൽ	1	500
42	പൊതുർ കമ്മ്യൂണിറ്റി ഹാൾ സീലിംഗ് ടോയ്‌ലെറ്റ്	1	500
43	മാറകം പുഞ്ച തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കൽ	1	800
44	ഇ.എം.എസ് വായനശാലയ്ക്ക് ചുറ്റുമതിൽ നിർമ്മാണം	1	500
45	തോട്ടുമുഖം കുളിക്കടവ് മെയിന്റനൻസ് - വാർഡ് 5	1	500
46	വൃദ്ധസദനം കെട്ടിടം പുന:രുദ്ധാരണം - വാർഡ് 17	1	1600
47	വനിതാ വിപണന കേന്ദ്രം	1	1000
48	മാന്നാർ ഗവ.എൽ.പി.സ്കൂൾ കിണർ നിർമ്മാണം	1	500
ആകെ			67300

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

3.1.1) മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ

1. വർക്കിംഗ് ഗ്രൂപ്പുകളിൽ പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത എന്നിവ പരിശോധിക്കപ്പെടുന്നില്ല

   വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവയുടെ ശുപാർശ പ്രകാരം നൽകിയിട്ടുള്ള മരാമത്ത് പദ്ധതികളുടെ നിർദ്ദേശങ്ങൾ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ അതേപടി അംഗീകരിച്ച് ഏറ്റെടുത്തു നടപ്പാക്കുന്ന പ്രവണതയാണ് സ്ഥാപനം സ്വീകരിച്ചു വരുന്നത്. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ സ്റ്റാൻഡിംഗ് കമ്മറ്റി ശുപാർശ ചെയ്യുന്ന പദ്ധതികളുടെ വിജയ പരാജയ സാധ്യതകൾ വിലയിരുത്തുകയോ പദ്ധതിയുടെ പ്രായോഗികത, ക്ഷമത, ഫീസിബിലിറ്റി എന്നിവ കണക്കിലെടുത്തുള്ള ചർച്ചയോ നടക്കുന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളും ഇവ ചർച്ച ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും നാമനിർദ്ദേശം നൽകുന്ന ജോലി മാത്രമേ ഏറ്റെടുക്കുന്നുള്ളൂ. ഏറ്റെടുക്കുന്ന എല്ലാ പദ്ധതികളുടേയും യുക്തി, ഫീസിബിലിറ്റി, വിജയ സാധ്യത എന്നീ കാര്യങ്ങൾ വർക്കിംഗ് ഗ്രൂപ്പും സ്റ്റാൻഡിംഗ് കമ്മിറ്റിയും പരിശോധിക്കാതിരുന്നതു മൂലം തൻവർഷം 12 പദ്ധതികൾ ഉപേക്ഷിക്കേണ്ടി വന്നു.

   ചെയ്യേണ്ട എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ പിന്നീട് മിക്ക പ്രവൃത്തികൾക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് എടുക്കേണ്ടതായും വരുന്നു.

2. ആസ്തി രജിസ്റ്ററിലെ ഉൾപ്പെടുത്തൽ പൂർണ്ണമല്ല

   പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്ററിൽ അസ്സറ്റിന്റെ കോഡ് രേഖപ്പെടുത്തണമെന്നും ഈ കോഡ് പ്രോജക്ടിൽ നിർദ്ദിഷ്ടഭാഗത്ത് രേഖപ്പെടുത്തി അംഗീകാരത്തിനായി നൽകണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രോജക്ട് അംഗീകാരത്തിനായി വെറുതെ ഏതെങ്കിലും ഒരു സംഖ്യ അടിച്ചു നൽകുകയാണ് ചെയ്തു വരുന്നത് എന്ന് വ്യക്തമായി. ഉദാ..തന്മടിക്കുളം നടപ്പാത നിർമ്മാണം.

   (പ്രത്യേകം ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്.) ആസ്തി രജിസ്റ്ററിൽ പുതിയവ കൂട്ടിച്ചേർക്കുകയോ അവസ്ഥാമാറ്റം ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. 2017-18 ൽ നിർമ്മിച്ച ആസ്തികൾ പലതും ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പദ്ധതി പ്രവർത്തനങ്ങൾ വർഷാവസാനത്തിൽ ഒതുങ്ങുന്നു

   മരാമത്ത് പദ്ധതികളുടെ ചെലവു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ പദ്ധതിചെലവുകൾ വർഷാവസാനത്തോടെ മാത്രം, പ്രധാനമായും മാർച്ച്മാസത്തിലാണ് നടക്കുന്നത് എന്ന് കാണുന്നു. ഇവിടെ 31 വർക്കുകളുടെ ബില്ലാണ് മാർച്ച് മാസത്തിൽ മാറിയത്. 4/17 മുതൽ 2/18 വരെയുള്ള മാസങ്ങളിൽ 59 പ്രവൃത്തികൾക്കുമാണ് തുക ചെലവഴിച്ചത്. പദ്ധതി പ്രവർത്തനങ്ങൾക്ക് ഒരു പ്രവർത്തന കലണ്ടർ സർക്കാർ നിശ്ചയിച്ചിരുന്നു എങ്കിലും പദ്ധതികൾ മിക്കവയും വർഷാവസാനത്തേക്ക് നീണ്ടു പോകുന്നു. പരിമിതമായ ജീവനക്കാർ മാത്രമുള്ള എൻജിനീയറിംഗ് വിഭാഗത്തിന് ഇത്ര ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത്രയധികം സൈറ്റുകളിൽ നേരിട്ട് എത്തി പരിശോധന നടത്തുക എന്നത് പ്രയോഗികമല്ല. ഇത് പദ്ധതികളുടെ ഗുണ നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ചെറിയ പ്രവൃത്തികളുടെ എണ്ണം കുറച്ച് ആസ്തി സൃഷ്ടിക്കപ്പെടുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പേൾ ഗുണനിലവാരവും മെച്ചപ്പെടും.

4. റോഡ് പ്രവർത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല

   ഒരുറോഡ് പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും അതിന്റെ ഏതെങ്കിലും ഭാഗം പുന:രുദ്ധാരണം നടത്തുമ്പോൾ ആസ്തി രജിസ്റ്ററിലുള്ള റോഡിന്റെ ഏത് ചെയിനേജിലാണ് വർക്കുനടക്കുന്നത് എന്ന് എസ്റ്റിമേറ്റിലും എം ബുക്കിലും കൃത്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്. എന്നാൽ ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കാതെ ശരിയായ രീതിയിൽ ചെയിനേജ് രേഖപ്പെടുത്തുക എന്നത് പ്രായോഗികമാക്കാൻ സാധ്യമല്ല.

5. കെട്ടിടങ്ങളുടെ എസ്റ്റിമേറ്റിൽ കെട്ടിടം ഉപയോഗയോഗ്യമായ രീതിയിൽ ആവശ്യമുള്ള എല്ലായിനങ്ങളും

ഉൾപ്പെടുത്തുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കെട്ടിടനിർമ്മാണങ്ങളുടെ എസ്റ്റിമേറ്റിൽ പലപ്പോഴും ഇലക്ട്രിസിറ്റി, സാനിട്ടേഷൻ സൗകര്യങ്ങൾ ഇവക്കുള്ള പ്രൊവിഷൻ നൽകി വരുന്നില്ല. ഉദാഹരണമായി സ്ത്രീകളുടെ വിശ്രമകേന്ദ്രം പദ്ധതിയിൽ ഇലക്ട്രിഫിക്കേഷനും വൈദ്യുതകണക്ഷനും ഉള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. കൂടാതെ വെള്ളത്തിനുള്ള സ്രോതസ്സോ സൗകര്യമോ ചെയ്തിട്ടില്ല. ഇപ്രകാരം അവശ്യം വേണ്ട സൗകര്യങ്ങളുടെ അപര്യാപ്തത മൂലം നിരവധി ആസ്തികൾ ഉപയോഗശൂന്യമാകുകയാണ്.

6. പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നില്ല

പ്രോജക്ടുകളിൽ എല്ലാംതന്നെ പദ്ധതി പ്രവർത്തനങ്ങൾ ഇതോടൊപ്പമുള്ള പ്രവർത്തന കലണ്ടർ പ്രകാരം നടക്കുന്നതാണ് എന്ന് രേഖപ്പെടുത്താറുണ്ട്. എന്നാൽ പ്രോജക്ടിനൊപ്പം ഇങ്ങനെയൊരു കലണ്ടർ സൂക്ഷിക്കുന്നില്ല. ആയതിനാൽ പ്രവർത്തന കലണ്ടർ അനുസരിച്ചാണോ പ്രവർത്തനം നടന്നിട്ടുള്ളത് എന്ന വിവരം പരിശോധനാ വിധേയമാക്കാൻ സാധിക്കുകയില്ല.

7. പ്രൈവറ്റ് ബസ് സ്റ്റാൻഡിലെ ആസ്തികൾ--പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല

മാന്നാർ പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ വിവിധ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പല കെട്ടിടങ്ങൾ വർഷാവർഷം നിർമ്മിക്കുന്നുണ്ട്. എന്നാൽ ഇതൊന്നും ലക്ഷ്യപ്രാപ്തി കൈവരിക്കാതെ ഉപയോഗശൂന്യമാകുകയാണ്.

2017-18 ൽ 8,95,129/- രൂപ ചെലവഴിച്ച് നിർമ്മിച്ച സ്ത്രീകളുടെ വിശ്രമകേന്ദ്രം, കാർഷിക വിപണനകേന്ദ്രം (2018-19 - ൽ പേമെന്റ്) എന്നിവയെല്ലാം അവശ്യം വേണ്ട വാട്ടർകണക്ഷൻ, ഇലക്ട്രിഫിക്കേഷൻ വൈദ്യുതകണക്ഷൻ എന്നിവ ഉൾപ്പെടുത്താതെ പദ്ധതി നിലവിൽ ഫലപ്രാപ്തിയിലെത്തിയിട്ടില്ല. കൂടാതെ മുൻവർഷങ്ങളിൽ നിർമ്മിച്ച വൃദ്ധസദനവും അതിലേക്കായി വാങ്ങിയ 10 കട്ടിലും ബെഡും പാത്രങ്ങളും ഉപയോഗശൂന്യമാകുകയാണ് എന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമായി. 2018-19 ൽ വൃദ്ധസദനം പുനരുദ്ധാരണം എന്ന പ്രവൃത്തിയും നടപ്പാക്കിയിട്ടുണ്ട്. ഇവിടെ തന്നെയുള്ള കമ്മ്യൂണിറ്റി ഹാൾ ചെറിയ നിരക്കിലുള്ള വാടക ഈടാക്കി മീറ്റിംഗുകൾക്കും മറ്റും നല്കുന്നുണ്ടെങ്കിലും ഇതിന്റെ അടുക്കള, ബാത്റൂം എന്നിവയൊക്കെ ഉപയോഗിക്കാതെ നശിക്കുകയാണ്. ഇവയൊക്കെ ഉപയോഗപ്രദമാക്കുകയും കമ്മ്യൂണിറ്റിഹാൾ ആകർഷകമാക്കുകയും ചെയ്താൽ കൂടുതൽ വരുമാനപ്രദമാക്കാൻ സാധിക്കുന്നതാണ്. പ്രൈവറ്റ് ബസ്സ്റ്റാൻഡിൽ നിരവധി നിർമ്മാണം പഞ്ചായത്തിന്റെ ആസ്തിയായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട് എങ്കിലും വെള്ളത്തിനുള്ള സ്രോതസ്സോ സൗകര്യമോ നടപ്പാക്കാത്തതിനാൽ ആസ്തികൾ ഉപയോഗപ്രദമാക്കാൻ സാധിക്കുന്നില്ല. സ്ത്രീകളുടെ വിശ്രമകേന്ദ്രം, കാർഷിക വിപണനകേന്ദ്രം എന്നീ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ആസ്തി രജിസ്റ്റർ യഥാസമയം തന്നെ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് ഉചിത നടപടി സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

3.1.2) തദ്ദേശ സ്ഥാപനത്തിന്റെ അല്ലാത്ത ആസ്തിയിൽ പ്രവൃത്തി നടപ്പാക്കൽ- തന്മടിക്കുളം നടപ്പാത-രണ്ടാം ഭാഗം പ്രവൃത്തി ഉപേക്ഷിച്ചു.

തന്മടിക്കുളം നടപ്പാത-രണ്ടാം ഭാഗം - (S0037/18) എന്ന പ്രവൃത്തി 2016-17 ൽ നടപ്പാക്കാതെ 2017-18 ൽ റോഡ്ഫണ്ട് 1,00,327/- രൂപ അടങ്കലിൽ സ്പിൽഓവർ ആയി അംഗീകാരം വാങ്ങിയെങ്കിലും പ്രവൃത്തി നിലവിൽ ഉപേക്ഷിക്കേണ്ടി വന്നു. നിലവിലുള്ള കോൺക്രീറ്റ് റോഡ് ഇടിഞ്ഞ് പൊയ്ക്കൊണ്ടിരിക്കുന്നതിനാൽ റോഡിന് സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തിയാണ് രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്തത്. 18.2.17 ലെ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ 13.3.17 ലെ റീടെണ്ടറിൽ ലഭിച്ച ശ്രീ.പി.എം.അനീർ എന്ന കരാറുകാരന്റെ എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. 31.3.17 ൽ എഗ്രിമെന്റ് വച്ചിട്ടും 7.17 ൽ ആണ് കരാറുകാരൻ പ്രവൃത്തി ആരംഭിക്കാൻ തുടങ്ങുന്നത്. ടെണ്ടർ, എഗ്രിമെന്റ്, സൈറ്റ് കൈമാറി നല്കൽ എന്നിവയെല്ലാം കഴിഞ്ഞശേഷം കരാറുകാരൻ പ്രവൃത്തി നടപ്പാക്കാൻ ചെന്നപ്പോൾ ദേവസ്വം വക സ്ഥലമാണെന്ന തർക്കത്തെ തുടർന്ന് പ്രശ്നം പരിഹരിച്ചു തരാനും അല്ലാത്തപക്ഷം പദ്ധതിയിൽ നിന്നും ഒഴിവാക്കി തരാനും കരാറുകാരൻ 2.7.17 ൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുണ്ട്. ഈ കത്തിന് 5.5.18 ൽ ആണ് അസിസ്റ്റന്റ് എഞ്ചിനീയർ കമ്മിറ്റി തീരുമാനത്തിനായി കത്ത് തയ്യാറാക്കിയിട്ടുള്ളത്. അപാകത പരാമർശിച്ച് നല്കിയ എൻക്വയറിക്ക് പ്രശ്നം രമ്യതയിൽ എത്തുമെന്ന ധാരണയായിരുന്നു എന്നും

അവസാനഘട്ടത്തിൽ പദ്ധതി ഉപേക്ഷിക്കുകയുമാണ് ഉണ്ടായത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നല്കി. ഇത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുകയോ ഉപേക്ഷിക്കാനുള്ള വ്യക്തമായ കാരണം പരാമർശിച്ച് തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. നടപ്പാത കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി ആദ്യഘട്ടം നടപ്പാക്കിയപ്പോൾ ദേവസ്വം തർക്കം ഉന്നയിച്ചിരുന്നില്ല എന്നതും ഈ റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നതും പ്രത്യേകം ചൂണ്ടിക്കാട്ടുന്നു.

റോഡ്കോൺക്രീറ്റിംഗ് നടപ്പാക്കിയ വർഷം, ചെലവഴിച്ച തുക എന്നിവ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഏതാനും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നേട്ടത്തിനായി പഞ്ചായത്തിന്റെ അല്ലാത്ത ആസ്തിയിൽ സർക്കാർ ഫണ്ട് ചെലവഴിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് ക്രമവിരുദ്ധമാണ്. വ്യക്തമായ പഠനം, ആവശ്യകത, ദീർഘവീക്ഷണം എന്നിവയുടെ അഭാവം സർക്കാർഫണ്ട് പാഴാകുന്നതിനും പദ്ധതി പരാജയത്തിനും കാരണമാകുന്നു. നിയമവിരുദ്ധമായ പ്രവർത്തികൾ ഏറ്റെടുക്കുന്നത് ആവർത്തിക്കാതിരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

പഞ്ചായത്തിന്റേതല്ലാത്ത ആസ്തികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതു വഴിയുണ്ടാകുന്ന പാഴ്ച്ചെലവിന് അതാത് നിർവ്വഹണ ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുമെന്ന് ഓർമ്മപ്പെടുത്തുന്നു.

3.1.3) കന്നുകുട്ടിപരിപാലനപദ്ധതി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല :-

പ്രോജക്ട് നം.173/18.

പദ്ധതിക്കായി 2,62,500/- രൂപ (ബിൽ നം. 01/17-18/08.01.18) അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി പ്രോഗ്രാം പേർക്ക് നൽകിയിട്ടുണ്ട്. നാല്പത്തിരണ്ട് ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതമാണ് വിഹിതം നൽകിയത്. നിർവഹണം നടപ്പാക്കുന്ന പാവുക്കര ക്ഷീരസഹകരണ സംഘത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ സെപ്തംബർ /2018 വരെ കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിവരം ലഭിച്ചു.

നിർവഹണം പൂർത്തിയാക്കുന്ന മുറക്ക് പദ്ധതിക്കായി അനുവദിച്ച 2,62,500/- രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 2,62,500/- രൂപ തടസ്സപ്പെടുത്തുന്നു.

3.1.4) ഡെപ്പോസിറ്റ് വർക്കുകൾക്കു നൽകിയതുക – വിനിയോഗിക്കപ്പെട്ടില്ല. തുക തടസ്സപ്പെടുത്തുന്നു

വൈദ്യുതിപോസ്റ്റ്മാറ്റൽ, വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രോജക്ടുകൾക്കായി താഴെ പറയുന്ന ചെലവുകൾ വരുത്തിയിരുന്നു. എന്നാൽ ഇവയുടെ പൂർത്തീകരണ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ക്രമം.നം.	പ്രോജക്ടിന്റെ പേര്.	ചെലവുതുക	ചെക്ക്/ബിൽനം.
1	no.7 / 17വൈദ്യുതിപോസ്റ്റ്മാറ്റൽ	40139	21700593 dt.10-10-2017
2	171/17.വൈദ്യുതിപോസ്റ്റ്മാറ്റൽ	57449	5142235 dt.23-1-2018
3	169/17 വൈദ്യുതലൈൻ ദീർഘിപ്പിക്കൽ.	218450	Bill.no.20/28-3-18.
	ആകെ.	316038	

പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി ഓഡിറ്റിൽ അറിയിക്കുന്നതിനായി എൻക്വയറി നൽകി എങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗ് വേളയിൽ പ്രവർത്തികൾ ഒന്നും പൂർത്തിയായിട്ടില്ല എന്നാണ് ജനപ്രതിനിധികൾ അറിയിച്ചിട്ടുള്ളത്. തുക ഡോപ്പോസിറ്റ് ചെയ്തതല്ലാതെ പ്രവർത്തികൾ പൂർത്തിയായോ എന്നത് മോണിറ്റർ ചെയ്തിട്ടില്ല. വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

3.1.5) തെരുവു വിളക്കു പരിപാലനം - രേഖകളുടെ സൂക്ഷിപ്പ് സുതാര്യമല്ല

തെരുവു വിളക്ക് പരിപാലനത്തിനായി സാമഗ്രികൾ വാങ്ങുന്നതിന് 38/17 സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 377000രൂപയുടേയും,104/18 പുതിയ പ്രോജക്ട് പ്രകാരം 900000 രൂപയുടേയും പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിരുന്നു. bill.no.12/17 dt.27-3-2017--18846 രൂപbillno.13/17 dt.'27.03.17' പ്രകാരം 881148 രൂപ, പ്രോജക്ട്.നം.38/17 നായി 377000/-രൂപ യും വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങിയിരുന്നു.

ക്രമ നം.	ഇനം.	37/17 പ്രകാരം വാങ്ങിയത് (എണ്ണം)	104-18 പ്രകാരം വാങ്ങിയത് (എണ്ണം)	ആകെ	വാർഡ് മെമ്പർമാർ കൈപ്പറ്റിയത്.	കരാറുകാരന്റെ കണക്കുപ്രകാരം വിനിയോഗിച്ചത്.
1	അലൂമിനിയം കോയിൽ	36	54	90	90	വ്യക്തമായ കണക്കില്ല
2	സൈഡ് ഹോൾഡർ	450	900	1350	1350	462
3	പെന്റന്റ്ഹോൾഡർ	400	450	850	850	വ്യക്തമായ കണക്കില്ല
4	സിംഗിൾ ട്യൂബ്	180	-	180	180	180
5	കോപ്പർ ചോക്ക്	200	450	650	650	വ്യക്തമായ കണക്കില്ല
6	ട്യൂബ്	360	900	1260	1260	393
7	സ്റ്റാർട്ടർ	250	900	1150	1150	വ്യക്തമായ കണക്കില്ല
8	സി.എഫ്.എൽ. 20w		650	650	650	604
9	എൽ ഇ.ഡി. 9w ബൾബ്.		900	900	900	സ്ഥാപിച്ചതായി കാണിച്ചിട്ടില്ല.
10	ട്യൂബ് സെറ്റ്			414	414	180
11	ഓട്ടോമാറ്റിക് സി.എഫ്.എൽ		90	90	90	സ്ഥാപിച്ചതായി കാണിച്ചിട്ടില്ല.
12	ഇൻസ്റ്റലേഷൻ ടേപ്പ്		90	90	90	വ്യക്തമായ കണക്കില്ല

വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വാർഡുമെമ്പർമാർക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. തെരുവു വിളക്കു ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിക്കായി കരാറുകാരൻ ഉള്ളതിനാൽ ഒരു വർഷത്തെ അറ്റകുറ്റപ്പണിക്കായി വാങ്ങുന്ന മുഴുവൻ ഉപകരണങ്ങളും മാർച്ച് മംസം തന്നെ വാർഡുമെമ്പർമാർ കൈമാറിയത് ക്രമപ്രകാരമല്ല. ഉപകരണങ്ങൾ അറ്റകുറ്റപ്പണിക്കായി കരാർ വച്ചിരുന്ന ശ്രീ.ആനന്ദൻ എന്നയാൾ അറ്റകുറ്റപ്പണി നടത്തിയതും മാറ്റിയിട്ടവയുടേയും കണക്ക് പഞ്ചായത്തിൽ സമർപ്പിച്ച് 2017-18ൽ 119962/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ഇത്പ്രകാരം വാർഡ് മെമ്പർമാർ കൈപ്പറ്റിയ ഉപകരണങ്ങളുടെയും കരാറുകാരൻ ഉപയോഗിച്ചവയുടേയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വാർഡ്മെമ്പർമാർ 'അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ട്' എന്ന് മാത്രമാണ് സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. ഓരോവാർഡിലും ഏതെല്ലാം പോസ്റ്റിൽ എന്തുതരം പ്രവർത്തി നടത്തി എന്നു വ്യക്തമായി രേഖപ്പെടുത്തുന്ന വിധം സാക്ഷ്യപത്രം നൽകിയാലെ അതിനനുസൃതമായി അറ്റകുറ്റപ്പണിക്കുള്ള ചെലവു ചെയ്യാൻ സാധിക്കുകയുള്ളൂ. ലഭ്യമായ കണക്കുകൾ പ്രകാരം വാർഡുമെമ്പർമാർ കൈപ്പറ്റിയ ഉപകരണങ്ങൾ പൂർണ്ണമായി വിനിയോഗിക്കപ്പെട്ടതായി കാണുന്നില്ല. ഇതു സംബന്ധിച്ചു നൽകിയ എൻക്വയറി നം.23 – ന് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ കരാറുകാരൻ പൂർണ്ണമായ വിനിയോഗ വിവരങ്ങൾ നൽകാത്തതിനാലാണ് വ്യത്യാസം നിലനിൽക്കുന്നതെന്ന് അധികൃതർ അറിയിച്ചു. തെരുവുവിളക്കുകളുടെ

പരിപാലനത്തിനായി വാങ്ങുന്നവയുടേയും വിനിയോഗിക്കുന്നവയുടേയും കൃത്യമായ കണക്കുസൂക്ഷിക്കുന്നതിന് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം ഗൗരവമായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2 ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ അധികാര പരിധിൽപ്പെടുന്ന വിഷയങ്ങളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3.2.1. ക്ഷേമപെൻഷനുകൾ സംബന്ധിച്ച് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ -അപര്യാപ്തം

a. വിവിധ പെൻഷൻ അപേക്ഷകൾ ലഭിക്കുന്ന തീയതി, പരിശോധനാ ഉദ്യോഗസ്ഥനു കൈമാറുന്ന തീയതി, തിരികെ നൽകുന്ന തീയതി, അംഗീകരിക്കുന്ന/നിരസിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്നും അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കപ്പെടുന്നു എന്ന് നിരീക്ഷിക്കണമെന്നും സർക്കാർ നിർദ്ദേശം ഉണ്ടെങ്കിലും കൃത്യമായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2017-18 വർഷം ഓരോ ഇനത്തിലും എത്ര അപേക്ഷകൾ ലഭിച്ചു, എത്ര അംഗീകരിച്ചു, എത്ര നിരസിച്ചു എന്നത് സംബന്ധിച്ച വ്യക്തതയില്ല. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനയ്ക്കു ശേഷം കമ്മറ്റിയിൽ വരുന്ന അപേക്ഷകൾ അംഗീകരിക്കുന്നതല്ലാതെ മേൽപ്പറഞ്ഞവിഷയങ്ങളിൽ ശ്രദ്ധിക്കുന്നതായി കാണുന്നില്ല.

b. പ്രാഥമിക സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പെൻഷനുകളുടെ വിവരം മോണിറ്റർ ചെയ്യുന്നതിനായി സംഘങ്ങളും തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികളും ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കണമെന്നും പെൻഷൻ വിതരണം മോണിറ്റർ ചെയ്യണമെന്നും വ്യവസ്ഥയുണ്ട് എങ്കിലും ഇപ്രകാരമൊരു കമ്മറ്റി രൂപീകരിച്ച് തുടർ പരിശോധന നടത്തുന്നില്ല. മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടേയില്ല.

സേവനാവകാശ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അപേക്ഷകൾ തീർപ്പാക്കുന്നു എന്ന് സെക്ഷൻചുമതലയുള്ള ജീവനക്കാരനും, സൂപ്പർവൈസറി കേഡറിലുള്ള ഉദ്യോഗസ്ഥരും, ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

3-3 ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി.

3.3.1.ടാങ്കറിൽ കുടിവെള്ള വിവതരണം.അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1. 25-4-2017 ൽ കുടിവെള്ളവിതരണം പഞ്ചായത്തിന് നടത്താം എന്ന തഹസീൽദാറുടെ കത്തിനെ തുടർന്ന് 25-4-2017 ൽ തന്നെ ക്വട്ടേഷൻ ക്ഷണിക്കുകയും 5-5-2017 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ 24-4-2014 ൽ ക്വട്ടേഷൻ അനുവദിക്കപ്പെട്ട വ്യക്തിയായ ശ്രീമതി.റോസമ്മ സാബു പഞ്ചായത്തിൽ കരാർ വയ്ക്കുന്നതിനായുള്ള മുദ്രപ്പത്രം വാങ്ങിയതായി കാണുന്നു. മുദ്രപ്പത്രം വാങ്ങിയതല്ലാതെ നാളിതുവരെ പഞ്ചായത്തുമായി കരാർ വച്ചിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതയ്ക്കും, കരാർ വയ്ക്കാതെ ഇപ്രകാരമൊരു പദ്ധതി നടപ്പിലാക്കിയതിനും വിശദീകരണം നൽകുന്നതിനായി എൻക്വയറി നൽകി എങ്കിലും മറുപടി നൽകിയിട്ടില്ല.
2. ടാങ്കറിൽ കുടിവെള്ളം എത്തിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനായി താഴെ പറയും പ്രകാരം തുക പിൻവലിച്ചു. വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനുള്ള പിൻവലിക്കലുകൾ എല്ലാം തന്നെ സെൽഫ് ആയാണ് പിൻവലിച്ചിട്ടുള്ളത്. 1000രൂപയിൽ അധികരിച്ച ചെലവുകൾ ക്യാഷായി നൽകാൻ പാടില്ല എന്ന വ്യവസ്ഥ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ചെക്ക് നം. തുക പിൻവലിച്ച തീയതി	വൗച്ചർനം.	തുക
18137/05/05/17	21700125 dt.3-5-2017	6000
	21700131 dt. 8-5-17	6000
19062 /15-5-2017	21700151 dt.15-5-2017	6000
19068/19-5-2017	21700154 dt. 19-5-2017	12000
ആകെ		30000 രൂപ.

30-4-2017 മുതൽ 7-5-2017 വരെ 880km ഓടിയതിന് 39600/- രൂപയും (chno.19061 dt.11-5-17)8-5-2017 മുതൽ 14-5-2017 വരെ 799 കി.മി. ഓടിയതിന്, 35955/- (ch.no.19067 dt.20-5-17) രൂപയും, 15-5-2017 മുതൽ 21-5-2017 വരെ 796km ഓടിയതിന് 35820/- രൂപയും (ch.no. 19086 dt.9-6-2017) 22-5-2017 മുതൽ 29-5-2017 908km ഓടിയതിന് (billno.1/22-11-2017) 40860/- രൂപയും നൽകിയിട്ടുണ്ട്. (ട്രിപ്പ് ഷീറ്റിൽ) സെക്രട്ടറി ഒപ്പുവച്ചിട്ടില്ല. വെള്ളം ശേഖരിക്കുമ്പോൾ അതാത് പമ്പ് ഓപ്പറേറ്റർമാർ ട്രിപ്പ് ഷീറ്റിൽ പേരും ഒപ്പും രേഖപ്പെടുത്തണം. എന്നാൽ ട്രിപ്പ് ഷീറ്റിൽ ഇവ ഇല്ല. ട്രിപ്പ് ഷീറ്റ് പ്രകാരം ആകെ 735000ലിറ്റർ വെള്ളം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്ന് 500000 ലിറ്റർ വെള്ളത്തിനുള്ള തുക മാത്രമേ ഒടുക്കിയിട്ടുള്ളൂ. വാട്ടർ അതോറിറ്റിയിൽ നിന്ന് വാങ്ങിയ വെള്ളത്തിന്റെയും വിതരണം നടത്തിയ വെള്ളത്തിന്റെയും അളവുകൾ തമ്മിലുള്ള പൊരുത്തക്കേടിനു വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രോജക്ട് തൃപ്തികരമായി നടപ്പിലാക്കിയതായി മോണിറ്ററിംഗ് റിപ്പോർട്ടും ഇല്ല. മേൽ സാഹചര്യത്തിൽ കുടിവെള്ള വിതരണത്തിനായി വാഹന കൂലി ഇനത്തിൽ ചെലവുവന്ന 152235/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

3.3.2. മഴക്കാല പൂർവ്വശുചീകരണം - തുകയുടെ വിനിയോഗവിവരം ഹാജരാക്കിയില്ല

മഴക്കാല പൂർവ്വ ശുചീകരണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി ജനപ്രതിനിധികളുടേയും, ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും സംയുക്ത അക്കൗണ്ടിലേക്ക് നൽകിയ തുകയുടെ വിനിയോഗവിവരം സൂചിപ്പിക്കുന്ന ക്യാഷ് ബുക്ക്, ചെലവു വൗച്ചറുകൾ, പാസ്സ് ബുക്ക് എന്നിവ ഹാജരാക്കിയില്ല. ചെലവു സൂചിപ്പിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. ചെലവു രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

വാർഡ്.	ഉദ്യോഗസ്ഥന്റെ പേര്.	തുക	ചെക്ക്നം.തീയതി
1	ശ്രീമതി.ബിന്ദു.എ.കെ, ജെ.പി.എച്ച്.എൻ	5630	9907, Dt.28-6-2017
2	ശ്രീമതി.ബിന്ദു.എ.കെ, ജെ.പി.എച്ച്.എൻ	5630	9908, Dt. 28-6-2017
3	ശ്രീ.വിനോദ്കുമാർ.കെ, എച്ച്.ഐ	5630	9909, Dt. 28-6-2017
4	ശ്രീ.വിനോദ്കുമാർ.കെ, എച്ച്.ഐ	5630	9910, Dt. 28-6-2017
5	ശ്രീ. ദിലീപ്, എച്ച്.ഐ	5630	9911, Dt. 28-6-2017
6	ശ്രീമതി.പുഷ്പലതാ ജേക്കബ്ബ്, ജെ.പി.എച്ച്.എൻ	5630	9912, Dt. 28-6-2017
7	ശ്രീ.അനിൽ, എച്ച്.ഐ	5630	9913, Dt. 28-6-2017

8	ശ്രീമതി.പുഷ്പലതാ ജേക്കബ്ബ്, ജെ.പി.എച്ച്.എൻ	5630	9914, Dt. 28-6-2017
9	ശ്രീ.ലിജി മാത്യു,	5630	9915, Dt. 28-6-2017
10	ശ്രീമതി. ഓമന ജോൺ	5630	9916, Dt. 28-6-2017
11	ശ്രീമതി. ഓമന ജോൺ	5630	9917, Dt. 28-6-2017
12	ശ്രീ.ലിജി മാത്യു,	5630	9918, Dt. 28-6-2017
13	ശ്രീ. റെജി	5630	9919, Dt. 28-6-2017
14	ശ്രീ.റെജി	5630	9920, Dt. 28-6-2017
15	ശ്രീമതി. സന്ധ്യ.എം.എൻ	5630	9921, Dt. 28-6-2017
16	ശ്രീമതി. സന്ധ്യ.എം.എൻ	5630	9922, Dt. 28-6-2017
17	ശ്രീ.അജി.വി.കെ	5630	9923, Dt. 28-6-2017
18	ശ്രീ.ദിലീപ്.റ്റി	5630	9924, Dt. 28-6-2017
ആകെ.		101340	

3.3.3. ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചില്ല

2017-18സാമ്പത്തിക വർഷം ശുചിത്വ മിഷനിൽനിന്നും താഴെ പറയും പ്രകാരം തുക ലഭിച്ചിരുന്നു.

ചെക്ക്.നം.തീയതി.	തുക
949643, dt.28-9-2017	1200000
889057, dt.9-8-2017	319440
888969, dt.2-8-17	25000
ആകെ.	1544440

എന്നാൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വിനിയോഗിച്ചിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിലുള്ള മാലിന്യനിർമ്മാർജ്ജനത്തിനായി ലഭ്യമായ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

3.3.4. പൾസ് പോളിയോ - ചെലവ് രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. 113/2018

ബിൽ നം. 02/2017-18 തീ.31.03.2018

ചെലവ് - 10000/-

നിർവഹണം - ഡോ.സാബു.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

സി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പൾസ് പോളിയോ പദ്ധതിക്കായി 10000/- രൂപ ചെലവഴിച്ചെങ്കിലും ഇതു സംബന്ധമായ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.3.5.ഗവ.ഹോമിയോ ആശുപത്രി - എച്ച്.എം.സി നിലവിലില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മറ്റി) ചട്ടങ്ങൾ, സർക്കാർ ഉത്തരവ് (RT) നം.3379/2004 H&FWD തീയതി: 03-12-14 എന്നിവ പ്രകാരം എല്ലാ ആശുപത്രികൾക്കും ഒരു എച്ച്.എം.സി രൂപീകരിച്ച് പ്രവർത്തനം നടത്തണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ 29.12.2017 ൽ കൂടിയ മാന്നാർ പഞ്ചായത്ത് കമ്മറ്റി 2-ാം നമ്പർ തീരുമാന പ്രകാരം എച്ച്.എം.സി പുന:സംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിൽ ഹോമിയോ ആശുപത്രി എച്ച്.എം.സി പ്രവർത്തിക്കുന്നില്ല. ആശുപത്രി മാനേജിംഗ് കമ്മറ്റി പുന:സംഘടിപ്പിച്ച് യഥാസമയം യോഗം ചേർന്ന് ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തി പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനും രോഗികൾക്ക് മെച്ചപ്പെട്ട വൈദ്യസഹായം നൽകുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് ആശുപത്രി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

3.3.6ഫർണീച്ചർ വാങ്ങൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ

1. ഫർണീച്ചർ വാങ്ങലുമായി ബന്ധപ്പെട്ട് താഴെപറയും പ്രകാരം ചെലവു വന്നിട്ടുണ്ട്.

ക്രമ നം.	പ്രോജക്ടിന്റെ പേര്.	ഫണ്ടിനം.	തുക	ചെലവു വിവരം.
1	2/17 (spill.over) ഘടകസ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ.	നോൺറോഡ് - മെയ്ന്റനൻസ് ഗ്രാന്റ്.	88000	ബിൽ നം. 16/21-3-2018
2	240/18 കമ്മ്യൂണിറ്റി ഹാളിന് ഫർണീച്ചർ.	തനതുഫണ്ട്	79600	വൗച്ചർ നം. 21701114 തീയതി. 21-3-2018
3	243 റൂഫ് ടോപ്പ് ഹാളിൽ ഫർണീച്ചർ	തനതുഫണ്ട്	151550	വൗച്ചർ നം.21701113 തീയതി.21-3-2018

ക്രമ നം. 2, 3 പ്രോജക്ടുകൾ 2016-17ൽ മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഉപയോഗിച്ചാണ് അംഗീകാരം നേടിയിരുന്നത്. ഇവ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയെങ്കിലും ഈഫണ്ട് ഉപയോഗിച്ച് ചെയ്യാൻ പറ്റാത്തവ ആയതിനാൽ തനതുഫണ്ട് ഉപയോഗിച്ച് പുതിയ പ്രോജക്ടായി ഉൾപ്പെടുത്തിയാണ് വാങ്ങൽ നടത്തിയത്. വാങ്ങൽ നടപടികൾ എല്ലാം 2016-2017 - ൽ നടന്നെങ്കിലും തനതുഫണ്ട് വകയിരുത്തി പുതിയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയതിനു ശേഷം 2018ലാണ് ഡീലർക്ക് തുക നൽകിയത്. സർക്കാർ ഉത്തരവുകളും പദ്ധതി നിർദ്ദേശങ്ങളും അനുസരിച്ച് മാത്രം പദ്ധതികൾക്ക് ഫണ്ട് വകയിരുത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2. വാങ്ങിയ ഫർണീച്ചറുകൾ വർഷം രേഖപ്പെടുത്തി നമ്പർ ഇട്ടിട്ടില്ല. ആയതിനാൽ പുതിയതായി വാങ്ങിയവ ഏതെന്ന് ഫിസിക്കൽ വേരിഫിക്കേഷനിൽ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണ്.

3. ഫർണിച്ചർ പോളീഷ് ചെയ്യാത്ത അവസ്ഥയിലാണ് പഞ്ചായത്ത് ഓഫീസിൽ ലഭിച്ചിട്ടുള്ളത്. പോളീഷ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഡീലറുമായി ബന്ധപ്പെട്ട് ഫർണീച്ചർ കുറ്റമറ്റതാക്കുകയോ പഞ്ചായത്തിൽ വച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് മേൽ ആവശ്യത്തിനായി വിനിയോഗിക്കുകയോ ചെയ്യാവുന്നതാണ്. മേൽ വിഷയം ബന്ധപ്പെട്ട പർച്ചേയ്സിംഗ് കമ്മിറ്റിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്കിലെ അപാകതകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക്പഞ്ചായത്ത്	2017-18	200000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	165168	34832
	2017-18	500000	അനുപൂരക പോഷകാഹാരം	492539	7461
		400000	പാലിന് സബ്സിഡി	400000	-

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

നിർവഹണ ഏജൻസി.	പ്രവർത്തിയുടെ പേര്.	ചെക്ക്/ബിൽ.നം.തീയതി.	നൽകിയ തുക.	ചെലവഴിച്ച തുക.	ബാക്കിയുള്ള തുക.
ഇലക്ട്രിസിറ്റി ബോർഡ്	7/17 വൈദ്യുതി പോസ്റ്റ് മാറ്റൽ,	21700593, dt.10-10-2017	40139	0	40139
	171/17വൈദ്യുതിപോസ്റ്റ്മാറ്റൽ,	5142235, dt.23-1-2018	57449		57449
	169/17 വൈദ്യുതലൈൻ ദീർഘിപ്പിക്കൽ.	Bill no. 20/28-3-18.	218450		218450
	ആകെ.				316038

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

4-9. ചാർജ്ജ് സർച്ചാർജ്ജ് നടപടികൾ ഉള്ള ഖണ്ഡികകളുടെ വിവരം

റിപ്പോർട്ട് വർഷം/ ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ	തുക	സർട്ടിഫിക്കറ്റ് നം./തീയതി	അടച്ച തുക	ശേഷിക്കുന്ന തുക
1997-98/ഖ.14	ബി.ചെല്ലമ്മ, സെക്രട്ടറി	740	L.F.668/Spl.cell/SC1/ 16.09.2002	-	740
1998-99/ഖ.27,29	മുഹമ്മദ് നദീർ	25250	L.F.5355/Spl.cell/SC3/03/ 11.02.2004	-	25250

4-10. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	65973985
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	69709394
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	8,42,113

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.1.3	262500	ഡോ.മാത്യൂസ് തങ്കച്ചൻ, വെറ്ററിനറി സർജൻ
3.1.4	316038	ശ്രീമതി. ബെറ്റി. ജെ. ട്രീസ്, സെക്രട്ടറി (40139/- രൂപ) ശ്രീമതി. കെ. ശോഭ, സെക്രട്ടറി (57449/- രൂപ) ശ്രീമതി. കെ. ശോഭ, സെക്രട്ടറി (218450/- രൂപ)
3.3.1	152235	ശ്രീമതി.അജിത.വി, സെക്രട്ടറി (75555/-രൂപ) ശ്രീമതി.ബെറ്റി.ജെ.ട്രീസ, സെക്രട്ടറി (35820/-രൂപ) ശ്രീ.ഹരികുമാർ.എൻ, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്) (40860/-)
3.3.2	101340	ശ്രീമതി. ബെറ്റി. ജെ. ട്രീസ്, സെക്രട്ടറി
3.3.4	10000	ഡോ.സാബു.എസ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
ആകെ	842113	

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.സാബു.എസ്, പി.എച്ച്.സി	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മാന്നാർ	ലഭ്യമാക്കിയിട്ടില്ല
ഡോ.മാത്യൂസ് തങ്കച്ചൻ, വെറ്ററിനറി സർജൻ	സീനിയർ വെറ്ററിനറി സർജൻ, മാന്നാർ	ചാത്തമ്മേൽ വില്ല, ചെറിയനാട് പി.ഒ, ചെങ്ങന്നൂർ
ശ്രീമതി.അജിത.വി, സെക്രട്ടറി	റിട്ടയേർഡ്	നീർഗ്യാരക്, പന്തപള്ളി. പി. ഒ, പത്തനാപുരം
ശ്രീമതി.ബെറ്റി.ജെ.ട്രീസ, സെക്രട്ടറി	സെക്രട്ടറി, കല്ലറ പഞ്ചായത്ത്, തിരുവനന്തപുരം	ആശിശം, എൻ.ഐ.ആർ.എ-51, തോട്ടത്തിൽലൈയ്ൻ, കുശവർക്കൽ റോഡ്,

		നാലംഞ്ചിറ. പി. ഒ, തിരുവനന്തപുരം
ശ്രീ.ഹരികുമാർ.എൻ, അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്ജ്)	അസിസ്റ്റന്റ് സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത്	ലഭ്യമാക്കിയിട്ടില്ല
ശ്രീ. കെ. ശോഭ, സെക്രട്ടറി	ലഭ്യമാക്കിയിട്ടില്ല	ലഭ്യമാക്കിയിട്ടില്ല

4-11. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99 മുതൽ 2005-06 വരെ	എൽ.എഫ്.ജി.എ 5/1832/11/30/ 01/2012	62
2006-07 മുതൽ 2008-09 വരെ	എൽ.എഫ്.ജി.എ 5/575/1/06/05/14	40
2009-10	എൽ.എഫ്.എ.6/1135/11/31/03/12	26
2010-11മുതൽ 2011-12 വരെ	എൽ.എഫ്.എ.6/711/14/31/10/14	ഖണ്ഡികകൾ മുഴുവനും
2012-13	എൽ. എഫ്. എ. - പി6-351/2015	ഖണ്ഡികകൾ മുഴുവനും
2013-14, 2014-15	കെ.എസ്.എ.എ.എൽ.പി6/1343/15 തീ.20/11/2015	ഖണ്ഡികകൾ മുഴുവനും
2015-16	കെ.എസ്.എ-എ.എൽ.പി-പി6-1320/16, തീ. 08.12.16	ഖണ്ഡികകൾ മുഴുവനും
2016-17	കെ.എസ്.എ-എ.എൽ.പി-പി14-1417/17, തീ. 06.11.17	ഖണ്ഡികകൾ മുഴുവനും

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

നം. കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(69)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 13.07.2018

അനുബന്ധം -I

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാന്നാർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം – II

1.	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract
2.	ഇൻകം & എക്സ്പെൻഡിച്ചർ	
3.	ബാലൻസ് ഷീറ്റ്	

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,